# കുട്ടികളെ വളർത്തുമ്പോൾ....

**എം. എം. അക് ബർ**

അല്ലാഹു നമ്മെയേൽപ്പിച്ച അമാനത്താണ് നമ്മുടെ കുട്ടികൾ. ഭാവിയുടെ പൗരന്മാരാണവർ. സ്വഭാവങ്ങളും ശീലങ്ങളുമെല്ലാം അമ്മയുടെ മടിത്തട്ടിൽ നിന്നാണ് അവർ അഭ്യസിക്കുന്നത്; ജീവിതവീക്ഷണവും സാമൂഹ്യബോധവുമെല്ലാം പഠിക്കുന്നത് മാതാപിതാക്കളുടെ പെരുമാറ്റത്തിൽനിന്നും സ്വഭാവങ്ങളിൽനിന്നുമാണ്. മാതാവിന്റെ പരിലാളനകളും പിതാവിന്റെ പെരുമാറ്റങ്ങളും ഗൃഹാന്തരീക്ഷം നൽകുന്ന സ്വസ്ഥാസ്വസ്ഥതകളും കളിക്കൂട്ടുകാരും ചുറ്റുപാടും നൽകുന്ന പാഠങ്ങളുമാണ് കുട്ടിയുടെ 'തലവിധി' നിർണയിക്കുന്നതെന്നാണ് ശിശുമനഃശാസ്ത്രം വ്യക്തമാക്കുന്നത്. രാജാക്കളും രാജ്ഞികളുമാകേണ്ടവരായി ജനിക്കുന്ന കുഞ്ഞുങ്ങളെ തവളകളാക്കിത്തീർക്കുന്നത് മാതാപിതാക്കളാണെന്ന വിനിമയാപഗ്രഥനരംഗത്തെ പ്രഗൽഭനായ എറിക്ബേണിന്റെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. അല്ലാഹു ഏ ൽപിച്ച അമാനത്തായ കുട്ടികളെ യഥാരൂപത്തിലുള്ള പോഷണങ്ങൾ - ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്കാവശ്യമായ പോഷണങ്ങൾ- നൽകി വളർത്തേണ്ടത് നമ്മുടെ കടമയാണ്. ഈ കടമ യഥാരൂപ ത്തിൽ നിർവഹിക്കാതിരിക്കുന്നത് ഇവിടെ സാമൂഹ്യ പ്രശ്നങ്ങൾക്കും പരലോകത്ത് അല്ലാഹുവിന്റെ ശിക്ഷയ്ക്കും പാത്രമാകുന്ന പാപമാണെന്ന ബോധം ഓരോ മുസ്‌ലിമിനുമുണ്ടാവേണ്ടതാണ്.

കളിച്ചു വളരേണ്ടവരാണ് കുട്ടികൾ. കേവലമായ ഉല്ലാസം മാത്രമല്ല കളി പ്രദാനം ചെയ്യുന്നത്; പ്രത്യുത അവരുടെ ശാരീരിക വ്യായാമത്തിനും മാനസികാരോഗ്യത്തിനുമെല്ലാം കളികൾ അനിവാര്യമാണ്. ചെറുപ്പത്തിൽ മറ്റു കുട്ടികളോടൊപ്പം കളിച്ച് നടക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്ത കുട്ടികൾ ഒന്നുകിൽ അന്തർമുഖികളോ അല്ലെങ്കിൽ സാമൂഹ്യവിരുദ്ധരോ ആയിത്തീരുകയാണ് പതിവ്. പാഠപുസ്തകങ്ങളുടെ കൂമ്പാരങ്ങൾക്കു മുന്നിൽ കെട്ടിയിട്ടുകൊണ്ട് അൽപം പോലും കളിക്കാനനുവദിക്കാതെ കുട്ടികളെ പ്രയാസപ്പെടുത്തുന്ന രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്ക് നന്മയല്ല വരുത്തന്നതെന്ന് ഓർക്കുന്നത് നല്ലതാണ്.

കുട്ടികളെ കളിക്കുവാൻ അനുവദിക്കുക മാത്രമല്ല അവരോടൊപ്പം കളിക്കുവാൻ സമയം കണ്ടെത്തുകയും ചെയ്തയാളായിരുന്നു മുഹമ്മദ് നബി(സ). പേരക്കിടാങ്ങളോടൊപ്പം ആനയും പാപ്പാനുമായി കളിക്കുന്ന പ്രവാചകന്റെ ചിത്രം നാം പഠിച്ചുവെച്ച ആത്മീയഗുരുക്കന്മാരിൽനിന്നും എന്തുമാത്രം വ്യത്യസ്തമാണ്! തന്റെ ശരീരത്തിലിരുന്ന് കളിച്ചുകൊണ്ടിരിക്കുന്ന പേരക്കിടാവിന്റെ കളിക്ക് ഭംഗം വരുത്താതെ നമസ്കാരം നിർവഹിക്കുവാൻ ശ്രദ്ധിക്കുന്ന പ്രവാചകൻ(സ) നമുക്ക് നൽകുന്ന പാഠം എന്തു മാത്രം മഹത്തരമാണ്! ശിശുമനഃശാസ്ത്രരംഗത്ത് എഴുതപ്പെട്ട നൂറുകണക്കിന് പുറങ്ങളുള്ള പുസ്തകങ്ങൾ നൽകാത്ത അറിവാണ് പ്രവാചകജീവിതത്തിലെ കൊച്ചു കൊച്ചു സംഭവങ്ങൾ പോലും നൽകുന്നതെന്നുള്ളതാണ് വാസ്തവം.

എല്ലാം കച്ചവടവത്കരിക്കപ്പെടുന്ന സമകാലിക സാഹചര്യത്തിൽ കുട്ടികളുടെ കളികൾ പോലും ആയുധങ്ങളായി മാറുന്നുണ്ടെന്ന വസ്തുത, കളികൾക്ക് പ്രോൽസാഹനവും അംഗീകാരവും നൽകുന്നതോടൊപ്പം തന്നെ, നാം മനസ്സിലാക്കേണ്ടതുണ്ട്. പാശ്ചാത്യ സംസ്കാരമാണ് ഉന്നതവും ഉദാത്തവുമെന്നും പൗരസ്ത്യ (വിശേഷിച്ചും ഇസ്‌ലാമിക) സംസ്കാരം പ്രാകൃതവും അപരിഷ്കൃതവുമാണെന്നുമുള്ള ഹണ്ടിങ്ങ്ടൺ സിദ്ധാന്തത്തെ കുഞ്ഞുങ്ങളുടെ തലച്ചോറിലേക്ക് അവരോ രക്ഷിതാക്കളോ അറിയാതെ കുത്തിവെക്കുന്നവയാണ് ഇന്ന് പുറത്തിറങ്ങുന്ന കളിപ്പാട്ടങ്ങളിലധികവുമെന്ന വസ്തുത നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. കാർട്ടൂൺ സിനിമകളും ടി.വി,കംപ്യൂട്ടർ ഗെയ്മുകളുമാണ് ശരാശരി പട്ടണവാസികളുടെ പ്രധാന കളിസാമഗ്രികൾ. ഈ ഗെയ്മുകളും കാർട്ടൂണുകളും സൃഷ്ടിക്കുന്ന മിഥ്യാധാരണകൾ കുട്ടിയുടെ മസ്തിഷ്ക വളർച്ചയ്ക്കല്ല, പ്രത്യുത തകർച്ചക്കാണ് നിമിത്തമാവുന്നതെന്നത് ഒരു വശം. അതോടൊപ്പം തന്നെ പാശ്ചാത്യമൂല്യങ്ങളുടെ വിഗ്രഹവത്കരണത്തിലൂടെ ഇത്തരം ഗെയ്മുകൾ വളരുന്ന തലമുറയെ മാനസികമായി അടിമകളാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്. പ്രസിദ്ധ കാർട്ടൂൺ ഷോകളായ ഹീമാൻ, പോക്കിമോൻ, ട്രാൻസ്ഫോർമേഴ്സ്, സൂപ്പർ ഹീറോസ്, ഗോബട്സ്, വോൾട്രോൺ, റെയിൻബോബ്രൈറ്റ്, കെയർബെയർസ് തുടങ്ങിയവ വിമർശനാത്മകമായി നിരീക്ഷിച്ചാൽ ഇക്കാര്യം ബോധ്യമാവും. ചില ഗെയ്മുകളിൽ ദുഷ്ടൻ മുസ്‌ലിം മതമൗലികവാദിയാണ്. ഉസാമബിൻലാദന്റേതു പോലെ തോന്നിക്കുന്ന രൂപം! അയാൾ തലപൊക്കുമ്പോഴെല്ലാം കുട്ടി വെടിവെക്കണം. കുട്ടിയെ അവനറിയാതെ സാമ്രാജ്യത്വവത്കരിക്കുകയാണിവിടെ. ഇത് തിരിച്ചറിയുവാനും പ്രതിരോധിക്കുവാനും നമുക്ക് കഴിയണം.

കുട്ടികളെ കളിക്കുവാൻ അനുവദിക്കണമെന്നു പറയുമ്പോൾ അവരെ ഇരകളാക്കാൻ ‘കച്ചവടമാഫിയ’ക്കു മുന്നിലേക്ക് എറിഞ്ഞുകൊടുക്കണമെന്നല്ല അർഥം. ശരീരത്തിനും മനസ്സിനും ആത്മാവിനും വളർച്ചയും വികാസവും നൽകുന്ന കളികൾ തിരഞ്ഞെടുത്ത് കുട്ടികൾക്ക് നിർദേശിച്ചു കൊടുക്കുവാൻ കഴിയുമ്പോൾ മാത്രമെ നമ്മുടെ ബാധ്യത നാം നിർവഹിച്ചുവെന്ന് പറയാൻ കഴിയൂ. പ്രബോധകരുടെ സത്വര ശ്രദ്ധപതിയേണ്ട മേഖലയാണിത്. നാളെയുടെ പൗരന്മാരെ നന്മ നിറഞ്ഞവരായി  വളർത്തുവാൻ രക്ഷിതാക്കളെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. മാർക്കറ്റിൽ ലഭിക്കുന്ന കളികളുടെ അപകടം ബോധ്യപ്പെടുത്തിക്കൊടുക്കുവാനും നല്ല കളികൾ നിർദേശിച്ചുകൊടുക്കുവാനും കഴിഞ്ഞാൽ അത് നമുക്ക് ചെയ്യാൻ കഴിയുന്ന വലിയൊരു സേവനമായിരിക്കും.